**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6032** **09-07-2024 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ മേഖലയിലെ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ മേഖലയിലെ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കാനും ഉതകുന്ന തരത്തിൽ ക്വാറി പ്രവർത്തനവും മണൽ ഖനനവും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഖനനത്തിന് അനുയോജ്യമായ സ്ഥലങ്ങൾ റവന്യൂ വകുപ്പ് കണ്ടെത്തിവരികയാണ്. സർക്കാർ പുറമ്പോക്ക് ഭൂമിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഖനനാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഒരു ജില്ലയിൽ തന്നെ ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത, ആവശ്യകത, ക്വാറികളിൽ നിന്നും പ്രധാന റോഡുകളിലേക്കുള്ള ഗതാഗത സൗകര്യം തുടങ്ങിയവ ആശ്രയിച്ച് ഓരോ മേഖലയിലും വ്യത്യസ്തമായ വിലയാണ് നിലവിലുള്ളത്. ആയത് നിരീക്ഷിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ക്വാറി/ ക്രഷർ ഉടമകളുടെയും തൊഴിലാളി യൂണിയനുകളുടെയും ഉപഭോക്താക്കളുടെയും യോഗം ചേർന്ന് ഉൽപ്പാദനചെലവിന് ആനുപാതികമായി മാത്രമേ വിലവർദ്ധന പാടുള്ളൂ എന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയത് പ്രകാരമുള്ള വിലയാണ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇപ്പോൾ നിലവിലുള്ളത്. സംസ്ഥാനത്തെ പുഴകളിൽ നിന്ന് മണൽ ഖനനം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ